DESPATCHED On...11.6.2020

29/04/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.876(6)/2016/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.9301/SIC-Gen5/2016**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. ജോർജ്ജ് ഉമ്മൻ,
തട്ടുപുരയ്ക്കൽ, എം-10/22,
തേവള്ളി നഗർ,
കൊല്ലം - 691 009.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
എക്സിക്യൂട്ടീവ് എഞ്ചിനീയർ,
കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്,
ഡിവിഷൻ ഓഫീസ്, കൊല്ലം.

2. അപ്പീൽ അധികാരി &
മേഖല എഞ്ചിനീയർ,
കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്,
ശാന്തി നഗർ, തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 03/03/2016 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 18/04/2016 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 27/05/2016 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | - |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 25/07/2016 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 27/07/2016 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 19/08/2016 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 08/09/2016 |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. ജോർജ്ജ് ഉമ്മൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, കൊല്ലം തേവള്ളിയിലുള്ള നം.എം. 10/22 വീട് തേവള്ളി ഭവനനിർമ്മാണ പദ്ധതി പ്രകാരം ഭവന നിർമ്മാണ ബോർഡിൽ പണമടച്ച് ടിയാൻ വാങ്ങിയിട്ടുള്ളതാണെന്നും ആയത് ടിയാന്റെ കൈവശത്തിലാണെന്നും മേൽപ്പടി ഇടപാടിൽ 30207/- രൂപ ആർബിട്രേഷൻ ഫീസായി ടിയാന് തിരികെ ലഭിക്കാനുണ്ടെന്നും അത് തിരിച്ചു കിട്ടുന്നതിന് കൊല്ലം ജില്ലാ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ സമീപിച്ചപ്പോൾ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തിരികെ നൽകുന്നതാണെന്ന്

അറിയിച്ചു എന്നും മേൽ തുക എന്നു കിട്ടുമെന്നാവശ്യപ്പെട്ട് വിവരാവകാശ നിയമപ്രകാരം അപേക്ഷ സമർപ്പിച്ചു എന്നും ടിയാന്റെ അപേക്ഷയിൽ 10/- രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ചത് നിയമാനുസൃതമല്ല എന്നും അപേക്ഷാ ഫീസ് പണമായി ഓഫീസിൽ അടക്കണമെന്ന് ടിയാനെ അറിയിച്ചു എന്നും മേൽപ്പടി നടപടി ശരിയല്ല എന്നും സ്റ്റേറ്റ് ഗവൺമെന്റിന്റെ അധീനതയിലുളള സ്ഥാപനത്തിൽ സ്റ്റാമ്പായോ പണമായോ ഫീസ് ഒടുക്കാവുന്നതാണെന്നും ഒന്നാം എതിർകക്ഷിയുടെ നിർദ്ദേശ പ്രകാരം 10/- രൂപ ഫീസ് ഒടുക്കി അപേക്ഷ സമർപ്പിച്ചു എന്നും മേൽപ്പടി അപേക്ഷയിന്മേൽ നൽകിയ മറുപടിയിൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പണം അനുവദിച്ചു നൽകുന്നതാണെന്ന് അറിയിച്ചു എന്നും മേൽപ്പടി മറുപടി നിരുത്തരവാദപരമാണെന്നും ഇക്കാര്യത്തിൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെങ്കിലും യാതൊരു മറുപടിയും ലഭിച്ചില്ലെന്നും ആയതിനാൽ എതിർകക്ഷികൾക്കെതിരെ ശിക്ഷാനടപടികൾ കൈക്കൊളളണമെന്നും ടിയാനിൽ നിന്നും കൂടുതൽ വാങ്ങിയ അപേക്ഷാ ഫീസ് തിരിച്ചു നൽകുന്നതിന് ഉത്തരവാകണമെന്നും ടിയാനുണ്ടായ മനക്ലേശത്തിനും പരാതികൾ അയയ്ക്കുവാനുണ്ടായ അധിക ചെലവായ 500/- രൂപ അനുവദിച്ചു നൽകണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, ടിയാൻ തേവളളി ഹൗസിംഗ് ബോർഡിന്റെ കീഴിലുളള എം.10/22 കെട്ടിടത്തിന്റെ ഉടമയാണെന്നും ടിയാനിൽ നിന്നും ഈടാക്കിയ ആർബിട്രേഷൻ ചാർജ് തിരികെ നൽകുന്നത് സംബന്ധിച്ച വിവരം നൽകണമെന്നുമാണ്. മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, എം.10/22 നമ്പർ പ്രകാരം തേവളളി ഭവന പദ്ധതിയിൽ ഹർജിക്കാരന് അനുവദിച്ച വീടിന്റെ സെയിൽ ഡീഡ് 5/9/2001-ൽ സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ തിരുവനന്തപുരം മേഖലാ ഓഫീസിൽ നിന്നും ഹർജിക്കാരൻ സ്വീകരിക്കുകയുണ്ടായി എന്നും അതിനുവേണ്ടി ഹർജിക്കാരൻ 30,207/- രൂപ ആർബിട്രേഷൻ ഫീസായി 2.7.2001 തീയതി അടച്ചിട്ടുളളതായും കാണുന്നു എന്നും മേൽപ്പടി ആർബിട്രേഷൻ ഫീയുടെ പലിശയും മുതലും കണക്കു കൂട്ടിയ പ്രകാരം 65,873/- രൂപ റീഫണ്ട് ചെയ്യുവാനുളളതായും കാണുന്നു എന്നും ആയത് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് അനുവദിച്ചു നൽകുന്നതാണെന്നുമാണ്. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ഒന്നാം എതിർകക്ഷി നൽകിയ മറുപടി നിയമാനുസൃതമല്ല എന്നും അത് നിരുത്തരവാദപരമാണെന്നും കൂടാതെ മേൽപ്പടി മറുപടിയിൽ ഒന്നാം അപ്പീൽ അധികാരിയുടെ പേരും മേൽവിലാസവും നൽകിയിട്ടില്ല എന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പണം തരുന്നതാണെന്ന മറുപടി ഒരു സർക്കാർ അംഗീകൃത സ്ഥാപനത്തിന് പുറപ്പെടുവിക്കാനാവില്ല എന്നുമാണ്.

3. ഒന്നാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന് ആർബിട്രേഷൻ ഫീസിനത്തിൽ മുതലും പലിശയും ചേർത്ത് 65873/- രൂപ നൽകാനുണ്ടെന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് അത് അനുവദിച്ചു നൽകുന്നതാണെന്ന് അറിയിച്ചിരുന്നു എന്നും ഭവന നിർമ്മാണ ബോർഡിന്റെ സാമ്പത്തിക കാര്യങ്ങളെല്ലാം നിയന്ത്രിക്കുന്നത് ഹെഡ് ഓഫീസിലുളള അക്കൗണ്ട് വിഭാഗമാണെന്നും ഭവന നിർമ്മാണ ബോർഡിന്റെ ഡിവിഷൻ ബ്രാഞ്ച് ഓഫീസുകളിൽ അടക്കുന്ന പണം എസ്.ബി.റ്റിയിലുളള ഹെഡ് ഓഫീസ് അക്കൗണ്ടിൽ അടക്കുകയും ആവശ്യമായി വരുമ്പോൾ ഫണ്ടിന്

ആവശ്യപ്പെടുകയും അതനുസരിച്ച് ഹെഡ് ഓഫീസ് ഫണ്ട് നൽകുകയാണ് ചെയ്യുന്നതെന്നും അതിനാലാണ് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തിരികെ നൽകുന്നതാണെന്ന് അറിയിച്ചത് എന്നും അപേക്ഷാ ഫീസ് ബോർഡിന്റെ അക്കൗണ്ടിൽ ലഭ്യമാകുന്നതിന് വേണ്ടിയാണ് അപേക്ഷ ഫീസ് ബോർഡ് ഓഫീസിൽ അടയ്ക്കാൻ ആവശ്യപ്പെട്ടതെന്നും ഹർജിക്കാരന് ഒന്നാം എതിർകക്ഷി മറുപടി നൽകിയതിനുശേഷം വീണ്ടും പരാതി നൽകി എന്നും ആയതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ അധികാരി മേഖലാ എഞ്ചിനീയറാണെന്ന് ഹർജിക്കാരനെ അറിയിച്ചിട്ടും ടിയാൻ അപ്പീൽ അപേക്ഷ സമർപ്പിച്ചിട്ടില്ല എന്നും മറ്റുമാണ്.

4. ഹർജിക്കാരൻ 22.9.2016 തീയതി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഒന്നാം അപ്പീൽ അധികാരി മേഖലാ എഞ്ചിനീയറാണെന്ന വിവരം ടിയാനെ അറിയിച്ചിട്ടില്ല എന്നും ടിയാന്റെ ഒന്നാം അപ്പീൽ അപേക്ഷ തിരിച്ചയ്ക്കുകയോ ബന്ധപ്പെട്ട അപ്പീൽ അധികാരിക്ക് അയച്ചു കൊടുക്കുകയോ ചെയ്തില്ല എന്നും ആർബിട്രേഷൻ ഫീസ് അടച്ച മിക്കവാറും അലോട്ടികൾക്ക് ഇതിനോടകം തുക നൽകിയിട്ടുണ്ടെന്നും മറ്റുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം സംബന്ധിച്ച് ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. വിവരാവകാശ നിയമപ്രകാരം സാങ്കേതികമായി ഹർജിക്കാരന് വിവരം നൽകി എന്ന് ഒന്നാം എതിർകക്ഷിക്ക് അവകാശപ്പെടാമെങ്കിലും 18.04.2016 തീയതി ഹർജിക്കാരന് നൽകിയ മറുപടി പൂർണ്ണമായിരുന്നില്ല എന്നു കമ്മീഷൻ വിലയിരുത്തുന്നു. എന്നാൽ കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ടതിനെ തുടർന്ന് വിശദമായ വിവരങ്ങൾ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതായി കാണുന്നു. ആയതിന്റെ പകർപ്പ് ഹർജിക്കാരനും അയച്ചു നൽകിയിട്ടുണ്ട്. എന്നാൽ ഒരു സീനിയർ സിറ്റിസണായ ഹർജിക്കാരന്റെ പരാതിക്ക് പരിഹാരം ഉണ്ടാക്കി നൽകേണ്ട ഉത്തരവാദിത്വം എതിർകക്ഷി ഓഫീസിനുണ്ടെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. ആയത് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരാത്ത ഒന്നാകയാൽ ഇക്കാര്യത്തിൽ കമ്മീഷൻ മറ്റ് നിർദ്ദേശങ്ങൾ ഒന്നും പുറപ്പെടുവിക്കുന്നില്ല. എന്നിരുന്നാലും ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ എതിർകക്ഷി സ്ഥാപനം എത്രയും വേഗം കൈക്കൊള്ളുന്നതാണെന്ന് കമ്മീഷൻ കരുതുന്നു.

6. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഒരു സർക്കാരിതര സ്ഥാപനമാകയാലാണ് മേൽപ്പടി സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് അപേക്ഷാ ഫീസ് ഒടുക്കണമെന്ന് ഹർജിക്കാരനോട് നിർദ്ദേശിച്ചിരുന്നത് എന്നു കാണുന്നു. ആയത് ജി.ഒ.പി. നം. 540/07/ജി.എ.ഡി. പ്രകാരം നിയമാനുസൃതമാണ്. എന്നാൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ എസ്.പി.ഐ.ഒ യുടെ പേരും ഒന്നാം അപ്പീൽ അധികാരിയുടെ മേൽവിലാസവും അപ്പീൽ കാലാവധി സംബന്ധിച്ച വിവരവും നൽകേണ്ടതായിരുന്നു. ഇക്കാര്യത്തിൽ ഒന്നാം എതിർകക്ഷി വേണ്ടത്ര ശ്രദ്ധ പതിപ്പിക്കണമെന്ന് കമ്മീഷൻ ടിയാനെ ഓർമ്മപ്പെടുത്തുന്നു. അപ്രകാരം തന്നെ ഒന്നാം അപ്പീൽ ഒന്നാം എതിർകക്ഷി ഓഫീസിൽ ലഭിച്ച അവസരത്തിൽ ആയത് നിയമാനുസൃത അപ്പീൽ അധികാരിക്ക് അയച്ചു നൽകേണ്ടതായിരുന്നു. ഇക്കാര്യത്തിലും ഒന്നാം എതിർകക്ഷി വേണ്ടത്ര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ഏപ്രിൽ 29-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൺ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

us